**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 425** **28-06-2022 - ൽ മറുപടിയ്ക്ക്**

**ഉഴവൂർ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപയുടെ ഉഴവൂർ ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബി അനുമതി ലഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ) | ഉഴവൂർ ബൈപാസ് റോഡിന്റെ നിർമ്മാണത്തിനായി 30.63 കോടി രൂപയുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നെങ്കിലും വിശദമായ പദ്ധതി റിപ്പോർട്ടിന്റെ സമഗ്രമായ വിലയിരുത്തലിൽ ബൈപാസ് ചെയ്യപ്പെടേണ്ട ഉഴവൂർ ജംഗ്ഷനിൽ 2031 ൽ പ്രതീക്ഷിക്കുന്ന ട്രാഫിക്കായ 7500 PCU/ day, ഒരു ബൈപ്പാസിന്റെ ആവശ്യകതയെ തീർത്തും നിരാകരിക്കുന്ന ഒന്നായതിനാൽ സമർപ്പിച്ചിരിക്കുന്ന തരത്തിലുള്ള ഒരു പദ്ധതിയുമായി മുന്നോട്ടു പോവാൻ തടസമുണ്ട് എന്ന് 07/06/2018 ന തന്നെ പൊതുമരാമത്തു വകുപ്പിനെയും പദ്ധതി നിർവഹണ ഏജൻസിയായ RBDCK യെയും അറിയിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്കായി കിഫ്ബി പഠനം നടത്തിയിട്ടുണ്ടോ ; ഇതിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ ; ഈ പദ്ധതിയുടെ പഠനത്തിന് ആരെയാണ് കിഫ്ബി ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ ; | (ബി) | പദ്ധതി നിർവഹണ ഏജൻസി വിശദമായ പഠനം നടത്തി കിഫ്ബിയിൽ സമർപ്പിക്കുന്ന ഡി. പി. ആർ സമഗ്രമായി അവലോകനം നടത്തി പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രായോഗികത തീരുമാനിക്കുകയും അതിനനുസരിച്ചുള്ള ധന ലഭ്യത ഉറപ്പുവരുത്തുകയും മാത്രമാണ് കിഫ്ബി ചെയ്യുന്നത്. ഈ പദ്ധതിയുടെ നിർവഹണ ഏജൻസി യായ RBDCK, പദ്ധതിയുടെ ഡി.പി.ആർ തയാറാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പഠനം നടത്തുന്നതിന്റെ പൂർണ ഉത്തരവാദിത്തം പദ്ധതി നിർവഹണ ഏജൻസിയായ RBDCK യ്ക്കാണ്. |
| (സി) | ഡോ. കെ.ആർ നാരായണൻ ജന്മശതാബ്ദി വർഷാചരണം പ്രമാണിച്ച് വേഗത്തിൽ അംഗീകാരം നൽകി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | നിലവിലെ ട്രാഫിക് പ്രകാരം പ്രസ്തുത പദ്ധതിയുടെ അനിവാര്യത കിഫ്ബി/IRC മാനദണ്ഡങ്ങൾ സഹിതം സമർത്ഥിക്കുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ്. |
| (ഡി) | ഈ പദ്ധതിയിന്മേൽ കിഫ്ബി വീണ്ടും | (ഡി) | ഇല്ല. പദ്ധതിയുമായി ബന്ധപ്പെട്ട പഠനങ്ങൾ |

| | | | |
|---|---|---|---|
| | ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | | നടത്തുന്നതിനുള്ള പൂർണ ഉത്തരവാദിത്തം പദ്ധതി നിർവഹണ ഏജൻസിയായ RBDCK യ്ക്കാണ്. |
| (ഇ) | റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ പ്രസ്തുത പ്രവൃത്തിക്കായി സർവ്വേ നടത്തി എസ്റ്റിമേറ്റും ഡി.പി.ആറും തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ ; ആയത് കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ ; തുടർ പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | സമർപ്പിച്ചിട്ടുണ്ട്. RBDCK സമർപ്പിച്ച DPR പ്രകാരം പദ്ധതി നടപ്പിലാക്കുന്നത് ട്രാഫിക് പ്രകാരം സാമ്പത്തികമായി പ്രായോഗികമല്ലാത്തതിനാൽ അതിന് കിഫ്ബി അംഗീകാരം നൽകിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട കടുത്തുരുത്തി എം.എൽ.എ, പ്രസ്തുത റോഡ് വളരെ ആവശ്യമുള്ളതാണെന്നു കാണിച്ചും ട്രാഫിക് നല്ല രീതിയിൽ ഉണ്ടെന്നു കാണിച്ചും 17-06-2020 ന കിഫബിക്കു കത്തുനൽകിയപ്പോൾ പ്രസ്തുത റോഡിന്റെ നിലവിലെ ട്രാഫിക്കും പദ്ധതിയുടെ സാധ്യതയും ആവശ്യകതയും പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് നല്കാൻ RBDCK യോട് ആവശ്യപ്പെട്ടുകൊണ്ട് 30-06-2020 ന കത്ത് നൽകി. എന്നാൽ 2020-2021 കാലയളവിൽ കോവിഡ് വ്യാപനവും തത്ഫലമായുള്ള ലോക്ഡൗണുകളും കാരണം ട്രാഫിക് സർവ്വേ നടത്തി യഥാർത്ഥ സ്ഥിതിവിവരങ്ങൾ മനസ്സിലാക്കാൻ കഴിയില്ല എന്നതിനാൽ കൂടുതൽ പഠനങ്ങൾ നടന്നിട്ടില്ല എന്നാണ് RBDCK അറിയിച്ചത്. |

സെക്ഷൻ ഓഫീസർ